നമ്മുടെ രാഷ്ട്രം സഞ്ചരിച്ചുകൊണ്ടിരിക്കുന്ന താഴ്‌വരയിലെ ഇരുട്ടിന് 'കറുത്ത ഇടിമുഴക്ക'ത്തിനുശേഷം പെട്ടെന്നു കട്ടികൂടിയിട്ടുണ്ടെന്ന തോന്നലാണ് എനിക്ക്. ഈ ഇരുട്ടിൽ ആശാവഹങ്ങളായ പ്രകാശനാളങ്ങൾ എന്നു കണ്ടുതുടങ്ങുമെന്ന് അറിവില്ല. ജനാധിപത്യത്തിലും ഇന്ത്യയുടെ അഖണ്ഡതയിലും വിശ്വസിക്കുന്ന എല്ലാ പാർട്ടികളുടെയും പിന്തുണയുള്ളതും ദൃഢതയോടെ പ്രവർത്തിക്കാനാവശ്യമായ ഇച്ഛാശക്തി പുലർത്തുന്നതുമായ ഒരു ഗവൺമെൻറാണ് പഞ്ചാബിൽ ഇന്ന് ഉണ്ടാവേണ്ടത്. ഉണ്ടാവാൻ ഒരു സാദ്ധ്യതയുമില്ലാത്തതും അതാണ്.

(21 മെയ്, 1988)

# 21. ഇടിമുഴക്കത്തിനു ശേഷം...

പഞ്ചാബിൽ അമൃതസരസ്സിലുള്ള സുവർണ്ണക്ഷേത്രത്തിൽ കയറിപ്പററി 'ഖാലിസ്ഥാൻ' എന്ന സ്വതന്ത്രരാഷ്ട്രം സ്ഥാപിച്ചതായി പ്രഖ്യാപിച്ച് അതിൻെറ പേരിൽ പിടിച്ചുപറിയും കൊലപാതകവും അടക്കമുള്ള അക്രമങ്ങൾ നടത്തുകയും ഇന്ത്യൻ സുരക്ഷിതത്വ സേനകൾക്കെതിരെ വെടിവെക്കുകയുംചെയ്ത സിഖ് ഉഗ്രവാദികളെ മൂന്നാമത്തെ തവണയും അവിടെനിന്നും തുരത്തുന്നതിനായി ഇക്കഴിഞ്ഞ മെയ്മാസത്തിൽ പഞ്ചാബ്പോലീസും കേന്ദ്രറിസർവ് പോലീസുംചേർന്നു കൈക്കൊണ്ട 'കറുത്ത ഇടിമുഴക്കം' എന്ന നടപടിയെപ്പററി ഈ പംക്തികളിൽ പ്രസ്താവിച്ചിരുന്നുവല്ലോ (1988 ജൂൺ 19). സുവർണ്ണക്ഷേത്രം ഇനിയൊരിക്കൽകൂടി ഉഗ്രവാദികളുടെ പടത്താവളമാവുന്നതു തടയാൻ വേണ്ടി ആ ക്ഷേത്രത്തിനു ചുററുമുള്ള കെട്ടിടങ്ങൾ പൊളിച്ചുകളഞ്ഞ് അവിടെ കുറെ വീതിയിൽ ഒരു തുറന്ന മൈതാനം നിർമിക്കുന്നതിനുള്ള പഞ്ചാബ് ഗവൺമെൻറിൻെറ പരിശ്രമം ആ സ്ഥലത്തു പാർത്തുവരുന്ന ജനങ്ങളുടെ എതിർപ്പിൻെറ ഫലമായി തല്ക്കാലത്തേക്കു നിർത്തിവയ്ക്കപ്പെട്ടിരിക്കുകയാണ്. ഈ ജനങ്ങളെ മററ് ഇടങ്ങളിൽ മാററി താമസിപ്പിക്കുന്നതിന് പഞ്ചാബ് ഗവൺമെൻറ് പ്രയത്നിച്ചുവരുന്നു.

ഇതിനിടയിൽ നിരപരാധികളായ സാധാരണ ജനങ്ങളെ വെടിവെച്ചും ബോംബുപൊട്ടിച്ചും കൊലപ്പെടുത്തുന്ന ഏർപ്പാട് ഉഗ്രവാദികൾ പഞ്ചാബിനകത്തും പുറത്ത് ഹരിയാണ, ദില്ലി മുതലായ പ്രദേശങ്ങളിലും വ്യാപകമായി നടത്തിവരികയാണ്. മനുഷ്യത്വത്തിനു നിരക്കാത്ത ഈ അക്രമങ്ങളെപ്പററി എല്ലാ പ്രഭാതങ്ങളിലും റേഡിയോവിൽ കേൾക്കാനും ടെലിവിഷനിൽ കാണാനും പത്രങ്ങളിൽ വായിക്കാനും നാം വിധിക്കപ്പെട്ടിരിക്കുന്നു. ഒരു ദിവസവും മറെറാരു ദിവസവും തമ്മിൽ വ്യത്യാസം പഞ്ചാബിലെ മരണങ്ങളുടെ സംഖ്യയിൽ മാത്രമാണ് എന്നുവന്നിരിക്കുന്നു. 'കറുത്ത ഇടിമുഴക്കം' നടക്കുന്ന കാലത്ത് സുവർണക്ഷേത്രത്തിൽ ഇല്ലാതിരുന്ന 'ബബ്ബർഖാൽസാ' എന്ന ഭീകരസംഘമാണ് ഇപ്പോഴത്തെ അക്രമങ്ങൾക്കു മുഖ്യമായും ഉത്തരവാദിത്തംവഹിക്കുന്നതെന്നു പറയപ്പെടുന്നു.

സുവർണക്ഷേത്രം അടക്കമുള്ള സിഖ് ഗുരുദ്വാരകളുടെ ഭരണം നിയമപ്രകാരം നിക്ഷിപ്തമായിരിക്കുന്നത് 'ശിരോമണി ഗുരുദ്വാര പ്രബന്ധക് കമ്മിററി' എന്ന തിരഞ്ഞെടുക്കപ്പെട്ട സമിതിയിലാണ്. ഉഗ്രവാദികളോട് ആനുകൂല്യമുണ്ടെന്ന സംശയത്തിൽ ഇപ്പോൾ തടങ്കലിൽ വെക്കപ്പെട്ടിരിക്കുന്ന ഗുരുചരൺ സിംഹ് ടോഹ്റയാണ് ഏറെക്കാലമായി ഈ കമ്മിററിയുടെ അദ്ധ്യക്ഷൻ. സിഖുകാരുടെ ഏററവും വിശുദ്ധമായ ദേവാലയമെന്നു കരുതപ്പെടുന്നത് സുവർണ്ണക്ഷേത്രത്തിലെ 'അകാൽതഖ്ത്' ആകുന്നു. അകാൽതഖ്ത് അടക്കമുള്ള

ഗുരുദ്വാരകളിൽ 'ജഥേദാർ' എന്നും 'ഗ്രന്ഥി' എന്നുമുള്ള പേരുകളിൽ അറിയപ്പെടുന്ന പുരോഹിതന്മാരെ നിയമിക്കുകയും പിരിച്ചുവിടുകയും ചെയ്യുന്നതിനുള്ള അധികാരം നിക്ഷിപ്തമായിരിക്കുന്നതു് ശിരോമണി ഗുരുദ്വാര പ്രബന്ധക് കമ്മിററിയിലാണ്. ഈ പുരോഹിതന്മാർ സിഖുകാരുടെ ആത്മീയ കാര്യങ്ങളിൽ നേതൃത്വം നൽകുന്നതായി കരുതപ്പെടുന്നു. എന്നാൽ, ആത്മീയ കാര്യങ്ങളും ഭൗതികകാര്യങ്ങളും തമ്മിൽ വേർതിരിക്കുക സാദ്ധ്യമല്ലെന്നും അതിനാൽ പുരോഹിതർ ഭൗതിക(രാഷ്ട്രീയ)കാര്യങ്ങളിലും സിഖുകാർക്കു നേതൃത്വം നൽകണമെന്നുമാണു മതമൗലികവാദികളായ ഉഗ്രവാദികളുടെ സിദ്ധാന്തം.

1986 ജനുവരി 26-ാം തീയതി സുവർണക്ഷേത്രം തങ്ങളുടെ കൈയിലായിരുന്നപ്പോൾ ഉഗ്രവാദികൾ അവിടെ 'സർബത്ത്ഖാൽസാ' എന്ന പേരിൽ സിഖുകാരുടെ ഒരു മഹാസമ്മേളനം വിളിച്ചുകൂട്ടി. ഈ സമ്മേളനം ശിരോമണി ഗുരുദ്വാര പ്രബന്ധക് കമ്മിററിയെ പിരിച്ചുവിടുകയും ഗുരുദ്വാരകളുടെ ഭരണം നിർവഹിക്കുന്നതിനു് 'പന്ഥിക് കമ്മിററി' എന്ന പേരിൽ അഞ്ചു് ഉഗ്രവാദികൾ അടങ്ങിയ ഒരു കമ്മിററിയെ തിരഞ്ഞെടുക്കുകയുംചെയ്തു ഇതോടൊപ്പം പ്രധാനപ്പെട്ട ഗുരുദ്വാരകളിൽ ശിരോമണി ഗുരുദ്വാര പ്രബന്ധക് കമ്മിററി നിയമിച്ചിരുന്ന പുരോഹിതന്മാരെയും 'സർബത്ത് ഖാൽസാ' പിരിച്ചുവിട്ടു; അവരുടെ സ്ഥാനത്തു വേറെ പുരോഹിതന്മാരെ നിയമിക്കുകയും ചെയ്തു. നിയമപ്രകാരം സംഘടിപ്പിക്കപ്പെട്ട ശിരോമണി ഗുരുദ്വാര പ്രബന്ധക് കമ്മിററി ഇതോടെ നിഷ്ക്രിയമായി. ഗുരുദ്വാരകളിൽ വഴിപാടായി വരുന്ന വളരെയധികം പണവും മററും പന്ഥിക് കമ്മിററി കൈയടക്കി.

പന്ഥിക് കമ്മിററിയുടെ ഇപ്പോഴത്തെ ആസ്ഥാനം പാകിസ്ഥാനിൽ റാവൽപിണ്ടി നഗരത്തിലുള്ള ഒരു സ്വകാര്യവ്യക്തിയുടെ കെട്ടിടമാണ്. പാകിസ്ഥാൻ സുരക്ഷിതത്വസേന ഈ കെട്ടിടത്തിനു കാവൽനിൽക്കുന്നു. ഇന്ത്യയിലെ വ്യത്യസ്ത പ്രദേശങ്ങളിൽ നടക്കുന്ന കൊലപാതകങ്ങൾക്കും കൊള്ളകൾക്കും അട്ടിമറികൾക്കും പന്ഥിക് കമ്മിററി നേതൃത്വം നൽകുന്നതു് ഈ കെട്ടിടത്തിലിരുന്നാണ്. പന്ഥിക് കമ്മിററിയുടെ ഉത്തരവുകൾ നിറവേററുകയാണ് ഇന്ത്യയിൽ പ്രവർത്തിക്കുന്ന പല സിഖ് ഉഗ്രവാദിഗ്രൂപ്പുകളുംചെയ്യുന്നതു്.

ഗുർബചൻസിംഹ് മനോചഹൽ എന്ന ഉഗ്രവാദിയാണ് പന്ഥിക് കമ്മിററിയുടെ തലവൻ. 'ഭിൻഡ്രാൻവാലെ ടൈഗർ ഫോഴ്സ്' എന്ന ഭീകരസംഘടനയുടെ സർവ സൈന്യാധിപൻകൂടിയാണ് മനോചഹൽ. മുമ്പ് ഇന്ത്യൻസേനയിൽ ഒരു ശിപായിയായിരുന്ന ഇയാൾ ഒരു മേലുദ്യോഗസ്ഥനെ ആക്രമിച്ചതിനെത്തുടർന്നു പട്ടാളത്തിൽനിന്നു പിരിച്ചുവിടപ്പെട്ടു; ഒരു വർഷം ജയിലിലും കിടന്നു. ജയിലിൽനിന്നുവിട്ട് അമൃത്സർ ജില്ലയിലുള്ള സ്വന്തം ഗ്രാമത്തിൽ തിരിച്ചെത്തിയ മനോചഹൽ ഒരു മതപ്രാസംഗികനായി; ക്രമേണ ഭീകരപ്രവർത്തനങ്ങളിൽ ഏർപ്പെടുകയുംചെയ്തു. ഇപ്പോൾ ഇയാൾ പല കററകൃത്യങ്ങളിൽ പിടികിട്ടേണ്ട ഒരു പുള്ളിയാണ്. ഇയാളെ പിടിച്ചുകൊടുക്കുന്നവർക്ക് ഇന്ത്യാഗവണ്മെൻറ് ഒരുലക്ഷം രൂപ സമ്മാനം നൽകുമെന്നു പ്രഖ്യാപിച്ചിട്ടുണ്ട്,

പന്ഥിക് കമ്മിററിയിൽ ഗുർബചൻസിംഹ് മനോചഹലിനു തൊട്ടുതാഴെയുള്ള സ്ഥാനം വസ്സൻസിംഹ് ജഫർവാൽ എന്ന ഭീകരനാണ്, പാകിസ്ഥാനിലെ റാവൽപിണ്ടിയിൽ പന്ഥിക് കമ്മിററിയുടെ ആസ്ഥാനത്തിലാണു പല മാസങ്ങളായി ഇയാൾ പാർത്തുവരുന്നതു്. ഇന്ത്യൻ പഞ്ചാബിൽ ഗുർദാസ്പൂർ ജില്ലയിൽ ഒരു തൊഴിലാളിപ്രവർത്തകന്റെ മകനായി പിറന്ന വസ്സൻസിംഹ് അച്ഛനോടൊപ്പം ഒരു മില്ലിൽ കുറെക്കാലം പണിയെടുത്തു. തൊഴിലാളിപ്രവർത്തനങ്ങളിൽ പങ്കാളിയാവുകയുംചെയ്തു. ഇക്കാലത്താണ് ഇയാൾ സിഖ് ഉഗ്രവാദത്തിലേക്ക് ആകർഷിക്കപ്പെട്ടതു്. ഇപ്പോൾ സിഖ്

ഉഗ്രവാദത്തിന്റെ മുഖ്യ സൈദ്ധാന്തികൻ വസ്സൻസിംഹ് ആണെന്നു കരുതപ്പെടുന്നു.

'കറുത്ത ഇടിമുഴക്ക'ത്തിൽ ഉഗ്രവാദികൾക്ക നേരിട്ട പരാജയം പന്ഥിക് കമ്മിററിയെ അരിശംകൊള്ളിച്ചതിൽ ആശ്ചര്യമില്ല. ശിരോമണി ഗുരുദ്വാര പ്രബന്ധക് കമ്മിററി നിയമിച്ചിരുന്ന പുരോഹിതരെ മാററി തങ്ങൾകൂടി ഉൾപ്പെട്ട സർബത്ത്ഖാൽസാ സമ്മേളനം നിയമിച്ച മുഖ്യപുരോഹിതർ കുറുമാറി ഇന്ത്യാഗവണ്മെൻറിന്റെ ഭാഗത്തു ചേർന്നതിനാലാണ് സുവർണക്ഷേത്രത്തിൽ താവളമടിച്ചിരുന്ന ഭീകരർക്ക് പഞ്ചാബ് പോലീസിനോട് അടിയറവു പറയേണ്ടിവന്നതു് എന്ന് പന്ഥിക് കമ്മിററി കരുതിയിരിക്കണം. അതിനാൽ സർബത്ത്ഖാൽസാ നിയമിച്ച മുഖ്യപുരോഹിതരെ പന്ഥിക് കമ്മിററി പിരിച്ചുവിട്ടു; അവരുടെ സ്ഥാനത്തു കുപ്രസിദ്ധരായ അഞ്ചു് ഉഗ്രവാദികളെ നിയമിച്ചതായി 1988 ജൂൺ മൂന്നാംവാരത്തിൽ അമൃത്സറിലും ചാണ്ഡിഗഢിലും പ്രഖ്യാപിക്കുകയുംചെയ്തു. പന്ഥിക് കമ്മിററി പിരിച്ചുവിട്ട പുരോഹിതരിൽ പ്രധാനി ഭിൻഡ്രാൻവാലയുടെ അനന്തരവനായ ജസ്ബീർസിംഹ്റോഡേ ആണു്. ഇതിനു കുറെമുമ്പ് ഇന്ത്യാഗവണ്മെൻറ് നിരുപാധികം ജയിലിൽനിന്നു വിട്ടയച്ച ജസ്ബീർ സിംഹ്റോഡേ വിഭിന്ന സിഖ് വിദ്യാർത്ഥിസംഘടനകളെ ഏകീകരിക്കുന്നതിൽ വ്യാപൃതനായിരുന്നു. സിഖ് ഉഗ്രവാദി വിദ്യാർത്ഥിനേതാക്കളിൽ പ്രമുഖനായ ഗുർജിത്സിംഹിനെയും പന്ഥിക് കമ്മിററി നിശിതമായി ആക്ഷേപിച്ചിട്ടുണ്ടു്. അഖിലേന്ത്യാ സിഖ് വിദ്യാർത്ഥിഫെഡറേഷന്റെ കൺവീനറായ ഗുർജിത്സിംഹിനെ മെയ് മാസംമുതൽ കാണാതായിരിക്കുന്നു.

ജസ്ബീർസിംഹ്റോഡേയെ പിരിച്ചുവിട്ട് അദ്ദേഹം വഹിച്ചിരുന്ന 'അകാൽതഖ്തിന്റെ ജഥേദാർ' എന്ന പദവി ഇപ്പോൾ ഏറെറടുത്തിട്ടുള്ളതു് പന്ഥിക് കമ്മിററിയുടെ മുഖ്യനേതാവായ ഗുർബചൻസിംഹ് മനോചഹൽ തന്നെയാണു്. 'സുഖാസിപാഹി' എന്നുകൂടി പേരുള്ള ലാഭ്സിംഹിനെ പന്ഥിക് കമ്മിററി 'തഖ്ത്കേശ്ഗഢ് സാഹിബ്'' എന്ന ഗുരുദ്വാരയിലെ മുഖ്യപുരോഹിതനായി നിയമിച്ചിരിക്കുന്നു. 'ഖാലിസ്ഥാൻ കമാൻഡോ ഫോഴ്സ്'' എന്ന ഭീകരസംഘടനയുടെ തലവനായ ലാഭ്സിംഹാണു് മുമ്പ് പഞ്ചാബ് പോലീസിന്റെ തലവനായിരുന്ന റിബൈറോവിനെ കൊലപ്പെടുത്താൻ ശ്രമിച്ചവരിൽ പ്രമുഖൻ. 'ദംദമാസാഹിബ്'' എന്ന ഗുരുദ്വാരയിലെ (ഭിൻഡ്രാൻവാലേ ഈ ഗുരുദ്വാരയുമായി ബന്ധപ്പെട്ടിരുന്നു) മുഖ്യപുരോഹിതനായി പന്ഥിക് കമ്മിററി ഇപ്പോൾ നിയമിച്ചിട്ടുള്ളതു് 'ഖാലിസ്ഥാൻ ലിബറേഷൻ ആർമി'യിലെ അവതാർസിംഹ്ബ്രഹ്മ എന്ന ഭീകരനെയാണു്. ഭായി ദർശൻസിംഹ് സഹ്നേവാലിനെ സ്വർണക്ഷേത്രത്തിലെ 'മുഖ്യഗ്രന്ഥി'യായും ഭായി ദിൽബാഗ്സിംഹിനെ അകാൽതഖ്തിലെ പുരോഹിതനായും പന്ഥിക് കമ്മിററി നിയമിച്ചിട്ടുണ്ടു്. ഈ നിയമനങ്ങൾ താല്ക്കാലികങ്ങളാണെന്നും സിഖ്സമൂഹത്തിന്റെ (കൌം) 'സർബത്ഖാൽസ' (മഹാസമ്മേളനം) ചേർന്നു് ഇവരെ ഈ സ്ഥാനങ്ങളിൽ സ്ഥിരപ്പെടുത്തേണ്ടതുണ്ടെന്നും പന്ഥിക് കമ്മിററി പ്രസ്താവിച്ചിരിക്കുന്നു.

ഇതിനർത്ഥം സിഖ്കാരുടെ പുരോഹിതന്മാരുടെ കൂട്ടത്തിൽ ഏററവും ഉയർന്ന അഞ്ചു സ്ഥാനങ്ങൾ ഓരോന്നിലും ഇപ്പോൾ മുമ്മൂന്നുപേർ ഉണ്ടെന്നാണു്—ശിരോമണി ഗുരുദ്വാര പ്രബന്ധക് കമ്മിററി നിയമിച്ച ഒരാൾ, 1986 ജനുവരി 26-ലെ 'സർബത്ഖാൽസ' സമ്മേളനം നിയമിച്ച ഒരാൾ, പന്ഥിക്കമ്മിററി നിയമിച്ച ഒരാൾ. ഉദാഹരണത്തിനു് അകാൽതഖ്തിലെ മുഖ്യപുരോഹിതസ്ഥാനത്തു് ഇപ്പോൾ ദർശൻസിംഹ്രാഗി, ജസ്ബീർസിംഹ് റോഡേ, ഗുർബചൻസിംഹ് മനോചഹൽ എന്നു മൂന്നു പേരുണ്ടു്.

ഇതേ കുഴപ്പം സിഖ്കാരുടെ രാഷ്ട്രീയ മേഖലയിലുമുണ്ടു്. അകാലിദൾ മൂന്നായി വിഭജിക്കപ്പെട്ടിരിക്കുന്നു. ശിരോമണി ഗുരുദ്വാര പ്രബന്ധക് കമ്മി

ററി ഫലത്തിൽ ഇല്ലാതായിരിക്കുന്നു. ഈ ചുററുപാട് പഞ്ചാബ് പ്രശ്നത്തിനു് ഒരു രാഷ്ട്രീയപരിഹാരം കാണുക അസാദ്ധ്യമാക്കിയിരിക്കുന്നു.

'കറുത്ത ഇടിമുഴക്ക'ത്തിനുശേഷം പഞ്ചാബിലും അയൽ സംസ്ഥാനങ്ങളിലും വ്യാപകമായി നടന്നുവരുന്ന അക്രമങ്ങൾക്ക് ഉത്തരവാദി 'ബബ്ബർ ഖൽസ' എന്ന സിഖ് ഭീകരസംഘമാണെന്നു വിശ്വസിക്കപ്പെടുന്നതായി പറഞ്ഞുവല്ലോ. ഈ സംഘത്തിന്റെ നേതാവ് സുഖദേവസിംഹ് ധംകേ എന്നൊരാളാണ്. തിരഞ്ഞെടുത്ത ആളുകളെ കൊലപ്പെടുത്തുക, ബോംബ്സ്ഫോടനങ്ങൾ നടത്തുക എന്നിവയിലാണത്രെ ബബ്ബർഖാൽസയു് വിശ്വാസം. എന്നാൽ, ഈയിടത്തെ അക്രമങ്ങളിൽ നിരപരാധികളായ എത്രയോ ആളുകൾ കൊലചെയ്യപ്പെട്ടിട്ടുണ്ടെന്ന വസ്തുത നാം മറന്നുകൂടാ.

'കറുത്ത ഇടിമുഴക്കം' കഴിഞ്ഞു് പഞ്ചാബിൽ 'ഇടിമുഴക്കം' അപൂർവമായേ ഇപ്പോൾ കേൾക്കുന്നുള്ളു; പക്ഷേ, കറുപ്പ് അവിടെയെങ്ങും പരന്നിരിക്കുന്നു.

(25 ജൂൺ, 1988)

## 22. പഞ്ചാബിലെ ഭീകരർ

അടുത്ത ജനവരിയിൽ പഞ്ചാബിലെ പഞ്ചായത്തുകളിലേക്കു തെരഞ്ഞെടുപ്പ് നടത്തുന്നതാണെന്നു് ഈ നവംബർ 22-ാം തീയതി ചണ്ഡീഗഢിൽ പ്രഖ്യാപിക്കപ്പെട്ടു. അന്നുതന്നെ പഞ്ചാബിലെ ചില ഭീകരപ്രവർത്തകർ ഒരു ജീപ്പിൽ അയൽസംസ്ഥാനമായ ഹരിയാനയിൽ കടന്നു് 16 ആളുകളെ വെടിവെച്ചു കൊന്നു. പഞ്ചാബിൽത്തന്നെ മൂന്നു് ആളുകളെ കൊല്ലുകയും 88,000 രൂപ കൊള്ളയടിക്കുകയുംചെയ്തു.

പഞ്ചാബിൽ ജനജീവിതം സമാധാനപൂർണമാക്കുന്നതിനുള്ള സർക്കാരിന്റെ മന്ദമായ ശ്രമത്തിന്റെയും ക്രമസമാധാനങ്ങൾ തികച്ചും തകർക്കുന്നതിനുള്ള ഭീകരപ്രവർത്തകരുടെ ഉഗ്രമായ ശ്രമത്തിന്റെയും ഇരമ്പം പത്രങ്ങളുടെ കോണുകളിൽ പതുങ്ങിക്കിടക്കുന്ന ഈ വാർത്തകളിൽ കാതു് അമർത്തിയാൽ നമുക്കു കേൾക്കാവുന്നതാണ്.

പഞ്ചാബിന്റെ പ്രശ്നം എന്നു തുടങ്ങിയതാണ്? ഇന്ത്യൻ സ്വാതന്ത്ര്യലബ്ധിയോടെ അതു് ആരംഭിച്ചു എന്നു പറയാം. ഇന്ത്യാവിഭജനത്തിന്റെ ഫലമായി ഏററവുമധികം കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടിവന്നതു് പഞ്ചാബികൾ—ഹിന്ദുക്കളും സിഖുകാരും—ആയിരുന്നു. മുസ്ലിങ്ങൾക്കു് പാകിസ്ഥാൻ പോലെ സിഖുകാർക്കു് ഒരു സ്വതന്ത്രരാജ്യം (ഖാലിസ്ഥാൻ) വേണമെന്ന ആഗ്രഹം അന്നുതന്നെ ചില സിഖുകാർ പുലർത്തിപ്പോന്നു. എന്നാൽ, തങ്ങളുടെ ഭാഗധേയം ഇന്ത്യയിലാണെന്നു കരുതുന്നവരായിരുന്നു സിഖുകാരിൽ ബഹുഭൂരിപക്ഷവും.

ബ്രിട്ടീഷുകാരുടെ ആധിപത്യകാലത്തു് പഞ്ചാബിൽ പ്രത്യേകിച്ചും അഭ്യസ്തവിദ്യർക്കിടയിൽ കൂടുതൽ പ്രചരിച്ചിരുന്ന ഭാഷ ഉറദുവായിരുന്നു. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യയിൽ അവശേഷിച്ച പഞ്ചാബ് ഭാഗത്തിൽ ഭൂരിപക്ഷമായിത്തീർന്ന ഹിന്ദുക്കൾ ദേവനാഗരി ലിപിയിൽ എഴുതുന്ന ഹിന്ദി തങ്ങളുടെ ഭാഷയാണെന്നു കരുതാൻ തുടങ്ങി. അതേസമയം, പഞ്ചാബി ഭാഷയും ഗുരുമുഖി ലിപിയും തങ്ങളുടെ സംസ്കാരത്തിന്റെ—എന്തിനു്, മതത്തിന്റെതന്നെ—ഭാഗമാണെന്നു് സിഖുകാർ വിശ്വസിച്ചു. ഗുരുമുഖി ലിപിയിലെഴുതിയ പഞ്ചാബി ഭാഷയ്ക്കു് വിദ്യാഭ്യാസത്തിൽ കൂടുതൽ സ്ഥാനം ലഭ്യമാക്കുന്നതിനുള്ള ഒരു പ്രക്ഷോഭണം പഞ്ചാബിലെ സിഖുകാർക്കിടയിൽ